**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 813** **26-07-2021 - ൽ മറുപടിയ്ക്ക്**

**പ്ലസ് ടു തലത്തിൽ നിയമ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ പ്ലസ് ടു തലത്തിൽ നിയമ പഠനം ഒരു പ്രത്യേക വിഷയമായി പഠിക്കുവാൻ വിദ്യാർത്ഥികൾക്ക് അവസരമുള്ളപ്പോൾ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇത്തരം സാഹചര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിലെങ്കിലും നിയമ പഠനം ഒരു പ്രത്യേക വിഷയമായി പഠിക്കുവാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭ്യമാക്കുമോ; | (ബി) | നയപരമായ തീരുമാനം ആവശ്യമായ വിഷയമാണ്. |
| (സി) | സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ പ്ലസ് ടു തലത്തിൽ നിയമ പഠനം മറ്റ് വിഷയങ്ങളെ പോലെ ഒരു പാഠ്യ വിഷയമായി പരിഗണിച്ച കൊണ്ട്, വിദ്യാർത്ഥികൾക്ക് നിയമത്തിൽ അറിവ് ലഭിക്കുവാൻ അവസരം ലഭ്യമാക്കുമോ; ആയതിലേക്കായി പാഠ്യപദ്ധതി പരിഷ്കരിക്കുമോ എന്നറിയിക്കാമോ? | (സി) | ഹയർ സെക്കണ്ടറി തലത്തിൽ നിയമപഠനം മറ്റ് വിഷയങ്ങളെ പോലെ ഒരു പാഠ്യപവിഷയമായി പരിഗണിച്ചകൊണ്ട് വിദ്യാർഢികൾക്ക് നിയമത്തിൽ അറിവ് ലഭിക്കുന്നതിന് അവസരമൊരുക്കുന്നത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ പാഠ്യപദ്ധതി പരിഷ്കരണ സമിതി മുൻപാകെ ഹയർ സെക്കന്ററി തലത്തിലെ നിയമപഠനസാധ്യതയെ സംബന്ധിച്ച വിഷയം പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ